## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*496.** **23.03.2018 ൽ മറുപടിയ്ക്ക്**

### ലഹരി ഉപയോഗ വ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ.വിജയൻ പിള്ള<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.വി.ജോയി** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വ്യാജമദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപനം തടയുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | രാത്രികാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേക്കായി 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതി ചെന്നെത്താത്ത 2 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എക്സൈസ് ചെക്ക്പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, കുടകൾ, ഫ്ലൂറസന്റ് ജാക്കറ്റുകൾ, ട്രാഫിക് കോണുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. റെയിൻകോട്ട് വിതരണത്തിന് നടപടി സ്വീകരിച്ചു വരുന്നു. വാഹനമില്ലാതിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ 160 സി.സി ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി സി.സി.ടി.വി സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യാജമദ്യ വില്പന തടയുന്നതിനും ലഹരിക്കായി അലോപ്പതി മരുന്നുകളും ആയുർവ്വേദ മരുന്നുകളും ഉപയോഗിക്കുന്നത് തടയുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; | (ബി) | എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി നിരന്തരം റെയിഡുകളും രഹസ്യ നിരീക്ഷണവും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിലും പഞ്ചായത്തുകളിലും കുടുംബശ്രീ, മറ്റു സംഘടനകളുമായി ചേർന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ലഭിക്കുന്ന പരാതികളിൽ മേൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. അതിർത്തി എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വ്യാജമദ്യം കടത്ത് തടയുന്നതിന് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ലഹരിക്കായി അലോപ്പതി മരുന്നുകളും ആയുർവേദ മരുന്നുകളും ഉപയോഗിക്കുന്നത് |

| | | | |
|---|---|---|---|
| | | | തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിലും ആയുർവേദ സ്ഥാപനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തി അരിഷ്ടാസവങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി നടപടിയെടുത്തു വരുന്നതുമാണ്. മെഡിക്കൽ സ്റ്റോറുകളിലും ആയുർവേദ മരുന്നു വിൽപ്പന നടത്തുന്ന സ്ഥലങ്ങളിലും ലഹരിക്കായി ഉപയോഗിക്കുന്ന മരുന്നുകൾ വിൽപ്പന നടത്തുന്ന കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>എക്സൈസ് റെയിഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസ്, എക്സൈസ് ഡിവിഷൻ ഓഫീസ് തുടങ്ങിയ ജില്ലകളിലെ വിവിധ ഓഫീസുകൾ, മേഖല ഓഫീസ് എന്നിവ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വളരെയേറെ സഹായകരമാണ്. ഈ ഓഫീസുകളോട് ചേർന്ന് ജില്ലാ വിമുക്തി ഓഫീസ്, കോൺഫറൻസ്ഹാൾ, വീഡിയോ കോൺഫറൻസ്ഹാൾ എന്നിവ കൂടി ചേർത്ത് നിർമ്മിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ മൊത്തത്തിൽ ഏകോപിപ്പിക്കുവാൻ ഉപകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ